ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ പേരുമാറ്റിയിട്ടില്ല. എന്നാൽ അതിന്റെ പ്രവർത്തനം കൊച്ചി വിഭാഗത്തിലേക്കും കൂടി വ്യാപിച്ചിട്ടുണ്ട്.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

കൊച്ചിയിലെ കോളേജുകൾ

*൧൩൬. (൯൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലെ കോളേജുകൾ എല്ലാം തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോട് affiliate ചെയ്തിട്ടുണ്ടോ;

(ബി) affiliate ചെയ്യണമെന്ന ഗവൺമെണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) കൊച്ചിയിലെ ഏതെങ്കിലും കോളേജിന് തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അഫിലിയേറ്റ് ചെയ്യാത്ത കോളേജുകൾക്ക് വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: യൂനിവേഴ്സിറ്റി ബഡ്ജറ്റിൽ അതിനു വേണ്ടി വ്യവസ്ഥ ചെയ്തിട്ടില്ല.

ബഡ്ജറ്റ്ചെയ്തിട്ടുള്ള തുക

*൧൩൭. (൯൫) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മലയാളം നിഘണ്ടുവിനു എത്ര രൂപാ ബഡ്ജറ്റ്ചെയ്തിട്ടുണ്ട്;

(ബി) മൻകൊല്ലങ്ങളിൽ എന്തെങ്കിലും തുക ബഡ്ജറ്റ് ചെയ്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൩൫,൦൦൦ രൂപാ.

(ബി) ഉണ്ടായിരുന്നു.

ശ്രീ. വി. കെ. വർഗീസ്: മലയാളം നിഘണ്ടു ഇതുവരെ തയ്യാറാക്കി വെളിയിൽ വരുത്താത്തതെന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരു എഡിറ്റോറിയൽ കമ്മിറ്റിയെ നിശ്ചയിക്കുകയും അതിന്റെ രൂപീകരണത്തിനുശേഷം എഡിറ്റർ എന്ന ഒരാളെ നിശ്ചയിക്കുകയും ആ എഡിറ്റർ ഈ ജോലി കഴിയുന്നതുവേഗം ചെയ്തു തീർക്കുകയും ചെയ്യുമെന്നാണ് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly